©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2015 ഏപ്രിൽ 29<br>29th April 2015<br>1190 മേടം 15<br>15th Medam 1190<br>1937 വൈശാഖം 9<br>9th Vaisakha 1937 | നമ്പർ<br>No. | 1043 |


## കേരള സർക്കാർ

റവന്യൂ (എച്ച്) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈ.) നമ്പർ 135/2015/റവ. *തിരുവനന്തപുരം, 2015 മാർച്ച് 30.*

**എസ്. ആർ. ഒ. നമ്പർ 261/2015.**—1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിന്റെ (1968-ലെ 15) 2-ാം വകുപ്പിലെ (സി) ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 1970 ജൂലൈ 4-ാം തീയതിയിലെ 76089/ബി3/68/റവ. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചതും 1970 ജൂലൈ 21-ാം തീയതിയിലെ 29-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിൽ താഴെപ്പറയുന്ന ഭേദഗതി, ഇതിനാൽ വരുത്തുന്നു, അതായത് :—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/1736/2015/S-17.

## ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിന്റെ പട്ടികയിൽ, (1)-ാം കോളത്തിലെ ക്രമനമ്പർ 2-ഉം അതിനെതിരെയുള്ള (2), (3), (4) എന്നീ കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഇ. കെ. മാജി,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിലെ (1968-ലെ 15) 2-ാം വകുപ്പ് (സി) ഖണ്ഡത്തിലെ വ്യവസ്ഥകൾ അനുസരിച്ച് കേരള സർക്കാർ, 1970 ജൂലൈ 4-ാം തീയതിയിലെ 76089/ബി3/68/റവ. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചതും 1970 ജൂലൈ 21-ാം തീയതിയിലെ 29-ാം നമ്പർ കേരള ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 286/70 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം എക്സൈസ് വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർമാരെയും അസിസ്റ്റന്റ് കമ്മീഷണർമാരെയും, പ്രസ്തുത ആക്റ്റിൻ കീഴിൽ അബ്കാരി റവന്യൂ ഈടാക്കുന്നതിലേക്കായി ജില്ലാ കളക്ടറുടെ അധികാരങ്ങൾ വിനിയോഗിക്കുവാനും ചുമതലകൾ നിർവ്വഹിക്കുവാനുമായി നിയമിച്ചിരുന്നു. എന്നാൽ ഈ ആവശ്യത്തിലേക്കായി റവന്യൂ വകുപ്പിൽ പ്രത്യേക സംവിധാനം നിലവിലുള്ളതിനാൽ എക്സൈസ് വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർമാരെയും അസിസ്റ്റന്റ് കമ്മീഷണർമാരെയും 1968-ലെ റവന്യൂ റിക്കവറി ആക്റ്റ് പ്രകാരം അബ്കാരി വരുമാനം പിരിച്ചെടുക്കുന്നതിനായി കളക്ടറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ നിന്നും ചുമതലകൾ നിർവ്വഹിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് പൊതുജന താൽപ്പര്യാർത്ഥം ആവശ്യമാണെന്ന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Revenue (H) Department**

NOTIFICATION

G. O. (Ms.) No. 135/2015/RD. *Dated, Thiruvananthapuram, 30th March, 2015.*

**S. R. O. No. 261/2015.**—In exercise of the powers conferred by clause (c) of section 2 of the Kerala Revenue Recovery Act, 1968 (15 of 1968), the Government of Kerala, hereby make the following amendment to the notification issued as per the Order No. 76089/B3/68/RD dated 4th July, 1970 and published as S. R. O. No. 286/70 in the Kerala Gazette No. 29 dated 21st July, 1970, namely:—

AMENDMENT

In the Schedule to the said notification, serial number 2 in column (1) and the entries against it in columns (2), (3) and (4) shall be omitted.

By order of the Governor,

E. K. MAJHI,

*Principal Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per the Notification issued under the Order No. 76089/B3/68/RD dated 4th July, 1970, published as S. R. O. No. 286/70 in the Kerala Gazette No.29 dated 21st July, 1970, the Government have appointed the Deputy Commissioners and Assistant Commissioners of Excise Department to exercise the powers and perform the functions of District Collector for the purpose of collection of Abkari Revenue under the said Act under clause (c) of Section 2 of the Kerala Revenue Recovery Act, 1968 (15 of 1968). Since there is a separate establishment in the Revenue Department for the said pupose, Government have decided that it is necessary in public interest, to exempt Deputy Commissioners and all Assistant Commissioners of Excise Department from exercising the powers and performing the functions of a Collector for the collection of Abkari Revenue, under the Revenue Recovery Act, 1968.

This notification is intended to achieve the above object.